# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

മദ്രസ്സ നവീകരണ പദ്ധതി

3303 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ്സ നവീകരണ പദ്ധതി പ്രകാരം 2010-11 വർഷത്തെ അപേക്ഷകരിൽ എത്ര മദ്രസ്സകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്തിട്ടുണ്ട് ; ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ട് ;

(ബി) ഇത് എന്നത്തേക്ക് കൊടുത്തുതീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) 2011-12 വർഷം എത്ര അപേക്ഷകളാണ് ലഭിച്ചത് ; ഇതിനകം പ്രസ്തുത അപേക്ഷകളിൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) 2012-13 വർഷത്തെ ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

ബാഴ്സിലോണ ഇരട്ട നഗര പദ്ധതി

3304 ശ്രീ. എം.എ. ബേബി
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാഴ്സിലോണ ഇരട്ട നഗര പദ്ധതി നടപ്പാക്കാൻ സ്പാനിഷ് സർക്കാർ ഔദ്യോഗികമായി എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ സ്പെയിനിൽ നിന്നും ലഭിച്ച നിർദ്ദേശം വിശദമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്തർദേശീയ കരാറുകളിൽ ഒപ്പിടുന്നതിന് കേന്ദ്രാനുമതി ആവശ്യമാണോ; ഇക്കാര്യത്തിൽ നഗരസഭയ്ക്ക് സ്പാനിഷ് സർക്കാരിന്റെ ഉറപ്പും കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുമതിയും ലഭിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും കേന്ദ്രമന്ത്രിയിൽ നിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരവികസനത്തിനായി നിക്ഷേപക സംഗമങ്ങൾ</u>

3305 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരവികസനത്തിന് പണം കണ്ടെത്താൻ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) നിക്ഷേപക സംഗമത്തിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കുന്ന പദ്ധതി നടത്തിപ്പിനായി ആരുടെയൊക്കെ സഹായങ്ങൾ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാതാക്കളുടെയും കെട്ടിട നിർമ്മാണ കമ്പനിയുടെയും പ്രവർത്തനം വിലയിരുത്തൽ</u>

3306 ശ്രീ. കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ കമ്പനികളുടെയും കെട്ടിട നിർമ്മാക്കളുടെയും പ്രവർത്തനം വിലയിരുത്താൻ എന്തെല്ലാം സംവിധാനം നിലവിലുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ആവശ്യമെങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരവികസനത്തിന് മാസ്റ്റർ പ്ലാൻ</u>

3307 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) നഗര വികസനം ലക്ഷ്യം വച്ച് നിക്ഷേപക സൗഹൃദ സംഗമങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) നഗരവികസനത്തിന് സഹായകരമായ വിധത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>നഗരസഭകളുടെ സമഗ്ര വികസനം</u>

3308

ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ സമഗ്ര വികസനത്തിനും, തനതു ഫണ്ട് വർദ്ധിപ്പിക്കുന്നതിനുമായി വിഭവസമാഹരണം നടത്താൻ എന്തെങ്കിലും പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>നഗര ദാരിദ്ര്യ നിര്‍മ്മാര്‍ജ്ജന പദ്ധതികള്‍</u>

3309 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരപ്രദേശത്തുള്ളവരുടെ ദാരിദ്ര്യ നിര്‍മ്മാര്‍ജ്ജനത്തിനായി നടപ്പു സാമ്പത്തികവര്‍ഷം ഏതൊക്കെ പദ്ധതികളില്‍ എത്ര പണം ചെലവിട്ടു; എത്രപേര്‍ക്ക് പ്രയോജനം ലഭിച്ചു; നഗരസഭ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ചേരിരഹിത നഗരം എന്ന ലക്ഷ്യം മുന്നില്‍കണ്ട് തിരുവനന്തപുരം, കൊല്ലം കൊച്ചി, തൃശ്ശൂര്‍, കോഴിക്കോട്, കണ്ണൂര്‍ നഗരങ്ങളില്‍ കേന്ദ്ര സര്‍ക്കാര്‍ സഹായത്തോടെ നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രവര്‍ത്തനങ്ങള്‍ക്ക് മുകളില്‍ പറഞ്ഞ ഓരോ നഗരങ്ങളിലും നടത്തുന്ന പ്രവര്‍ത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?

(സി) തിരുവനന്തപുരം കോര്‍പ്പറേഷനിലെ വിഴിഞ്ഞം ഡിവിഷനിലെ മതിപുറം കോളനിയില്‍ രാജീവ് ആവാസ് യോജനയുടെ പൈലറ്റ് പ്രോജക്ടിന് 2012 ജനുവരിയില്‍ കേന്ദ്രസര്‍ക്കാര്‍ അംഗീകരിച്ച് നടപ്പിലാക്കുവാന്‍ അനുവദിച്ച ഫണ്ട് വിഹിതം എത്രമാത്രം ഉപയുക്തമാക്കി; പ്രസ്തുത പൈലറ്റ് പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ഡി) നഗരപ്രദേശങ്ങളിലെ ഓരോ കുടു ംബത്തിനും 100 ദിവസത്തെ തൊഴില്‍ നല്‍കുവാന്‍ കൊണ്ടുവന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പുവര്‍ഷം എത്ര മുനിസിപ്പാലിറ്റി/കോര്‍പ്പറേഷനുകളില്‍ നടപ്പിലാക്കുന്നുണ്ട്; നാളിതുവരെ എത്രപേര്‍ക്ക് തൊഴില്‍ നല്‍കുവാന്‍ കഴിഞ്ഞു; കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയും ലേബർ ബജറ്റും</u>

3310 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര നഗരസഭകളിലെ ലേബർ ബജറ്റ് അംഗീകരിച്ചിട്ടുണ്ട് എന്നതും അത് ഏതെല്ലാം നഗരസഭകളിലേതാണ് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>കേരള അർബൻ ആന്റ് റൂറൽ ഡവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ</u>

3311 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ ആന്റ് റൂറൽ ഡവലപ്പ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി.) ആസ്ഥാനം കോഴിക്കോട് നിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ ;

(സി) 36 വർഷമായി കോഴിക്കോട് ആസ്ഥാനമായി ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.യു.ആർ.ഡി.എഫ്.സി യുടെ ആസ്ഥാനം കോഴിക്കോട് തന്നെ നിലനിർത്താനും പ്രാദേശിക വികസന സന്തുലിതത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായി നിർമ്മിക്കപ്പെട്ട ബഹുനില കെട്ടിടങ്ങൾ</u>

3312 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷൻ-മുനിസിപ്പൽ പരിധിയിലെ ബഹുനില കെട്ടിടങ്ങളിൽ, നിയമവിരുദ്ധമായി നിർമ്മിക്കപ്പെട്ടവയെ സംബന്ധിച്ച് ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) നിയമ വിരുദ്ധമായി നിർമ്മിക്കപ്പെട്ടവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇവയിൽ പൊളിച്ച് നീക്കാനും, വൻപിഴ ഈടാക്കാനും നഗരവികസന വകുപ്പ് തീരുമാനിച്ചവ എത്രയാണ്;

(സി) എത്ര കെട്ടിടങ്ങൾ ഇതിനകം പൊളിച്ചുനീക്കി; എത്ര കെട്ടിട ഉടമകളിൽ നിന്നും പിഴ ഈടാക്കി;

(ഡി) നിയമവിരുദ്ധ നിർമ്മാണം നടത്തിയ ബഹുനില കെട്ടിട ഉടമകൾക്ക് എതിരെ ഒരു നടപടിയും സ്വീകരിക്കാത്ത കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റ് നിർദ്ദേശത്തെ തുടർന്ന് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെപോയ കേസുകൾ എത്ര; ഏതെല്ലാം കേസുകളിൽ മന്ത്രിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

## ഹൈറൈസ് ബിൽഡിംഗ് നിർമ്മാണം

3313 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിൽ ഹൈറൈസ് ബിൽഡിംഗ് ആണോയെന്ന് വിലയിരുത്താൻ ഭൂനിരപ്പിനടിയിലെ ബേസ്മെന്റ് കണക്കാക്കേണ്ടതില്ലെന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) ബേസ്മെന്റിന് ശേഷം തറനിരപ്പിൽ നിന്ന് 15 മീറ്റർ വരെയുള്ള നാല് നില കെട്ടിടങ്ങളെ, പ്രസ്തുത വിധി പ്രകാരം ഹൈറൈസ് ബിൽഡിംഗിനായി പരിഗണിക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിയെ തുടർന്ന് ഇക്കാര്യത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) തറ നിരപ്പിന് താഴെയുള്ള ഭാഗത്തെ ബേസ്മെന്റായും റോഡ് നിരപ്പിനു കവാടമുള്ള നിലയെ ഗ്രൗണ്ട് ഫ്ളോറായും കണക്കാക്കാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്</u>

3314

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് പാലിക്കേണ്ടതായ നിലവിലുള്ള വ്യവസ്ഥകളിൽ ഏതെല്ലാം ഇളവുകൾ വരുത്താനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഫ്ളാറ്റ് നിർമ്മാണ കമ്പനികൾ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ഏതൊക്കെയാണ് സർക്കാർ പരിഗണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>അനധികൃത നിർമ്മാണം ക്രമവൽകരിക്കുന്നതിനുള്ള നടപടി</u>

3315 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതു സംബന്ധിച്ച 2010 ലെ ചട്ടങ്ങൾ പ്രകാരം 31-12-2008 വരെ നിർമ്മിച്ച കെട്ടിടങ്ങൾക്കാണ് ക്രമവത്കരണം അനുവദിച്ചിട്ടുളളത് ഈ പരിധി നീട്ടി നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചട്ടങ്ങൾ നിലവിൽ വന്ന 2010 - വരെയുള്ള നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

കെട്ടിടനികുതിയും കെട്ടിടനിര്‍മ്മാണവും

3316 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ കെട്ടിടനികുതി പരിഷ്കരിക്കുമ്പോള്‍ പഴയ കെട്ടിടങ്ങള്‍ക്ക് ഇളവ് അനുവദിക്കുമോ;

(ബി) നഗരങ്ങളിലെ നിര്‍മ്മാണത്തിലുള്ള കെട്ടിടങ്ങളുടെ ചുറ്റും മുറ്റം സിമന്റിട്ട് മഴവെള്ളം താഴ്ന്നുപോകുന്നതു തടയുന്ന പ്രവണത നിരുത്സാഹപ്പെടുത്തുമോ; വിശദമാക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ഫ്ളാറ്റുകളുടെ നിര്‍മ്മാണത്തിന് ലൈസന്‍സ് നല്‍കുമ്പോള്‍ അവയ്ക്കു ചുറ്റും വൃക്ഷങ്ങള്‍ വച്ചുപിടിപ്പിക്കണമെന്ന് നിഷ്കര്‍ഷിക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>നികുതി റിട്ടേൺ സമർപ്പിക്കാനുള്ള സമയം ദീർഘിപ്പിക്കൽ</u>

3317 ശ്രീ. വി. പി. സജീന്ദ്രൻ
,, ടി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതിക്കുള്ള റിട്ടേൺ സമർപ്പിക്കാനുള്ള സമയം വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര നാളത്തേയ്ക്കാണ് ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

2011 -ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ

3318 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം വാടകയ്ക്ക് നല്കിയിട്ടുളള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 50% അധികം ഈടാക്കുന്നതുക കൊണ്ട് കെട്ടിടവും വസ്തുവും വാടകയ്ക്കു നൽകി ഉപജീവനം നടത്തുന്നവർക്കുണ്ടാകുന്ന പ്രയാസം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

ഫ്ളാറ്റുകളിലെ ഫയർ സേഫ്റ്റി സംവിധാനം

3319 ശ്രീ. പി. എ. മാധവൻ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയീസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ളാറ്റുകളിലെ ഫയർ സേഫ്റ്റി സംവിധാനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി വിജിലൻസ് ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>മാലിന്യ നിർമാർജനത്തിനുള്ള പദ്ധതി</u>

3320 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾക്കായി കമ്പനി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; നിർദ്ദിഷ്ട കമ്പനിയുടെ ആതറൈസഡ് ഷയർ ക്യാപിറ്റൽ എത്ര കോടിയാണ്; സർക്കാർ എടുക്കുന്ന ഷയർ എത്ര ശതമാനമായിരിക്കും; അവശേഷിക്കുന്ന ഷയർ നല്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; വ്യക്തികൾക്ക് ഷയർ നല്കുന്നുണ്ടോ; എങ്കിൽ വ്യക്തികളെ കണ്ടെത്തുന്നത് ഏത് മാനദണ്ഡ പ്രകാരമായിരിക്കും;

(ബി) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജന പ്രവർത്തനത്തിനുള്ള പദ്ധതി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഈ തുക എങ്ങിനെകണ്ടെത്താനാണുദ്ദേശിക്കുന്നത്; ഏതെങ്കിലും സ്വകാര്യ കമ്പനികളുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വകാര്യ കമ്പനിയെ കണ്ടെത്താനുള്ള നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം</u>

3321 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, ബെന്നി ബെഹനാൻ
,, വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് തെർമൽ സാങ്കേതിക വിദ്യ ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ നഗരങ്ങളിലാണ് ഇതിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നത്;

(സി) പ്രസ്തുത പ്ലാന്റുകളുടെ മാലിന്യ സംസ്കരണശേഷി എത്രയാണ്; വിശദമാക്കുമോ;

(ഡി) ഇതിലൂടെ പ്രതിദിനം എത്ര ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>പൈപ്പ് കമ്പോസ്റ്റ് പദ്ധതി</u>

3322 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിന് പൈപ്പ് കമ്പോസ്റ്റ് പദ്ധതിക്ക് നഗരസഭകൾക്ക് ധനസഹായം നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ നഗരസഭയ്ക്കും എത്ര തുക നല്കിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്;

(സി) നഗരസഭകളിൽ യൂണിറ്റുകൾ സ്ഥാപിച്ചെങ്കിലും അവയിൽ ബാക്ടീരിയയടങ്ങിയ മിശ്രിതം നിക്ഷേപിക്കാത്തതിനാൽ പ്രവർത്തനക്ഷമമല്ലെന്നും, പുഴുക്കളും, മറ്റു പരാഗങ്ങളും നിറഞ്ഞ് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മൊബൈൽ ഇൻസിനറേറ്റർ</u>

3323 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഗുരുതരമായ മാലിന്യ പ്രശ്നം താത്കാലികമായി പരിഹരിക്കാൻ കഴിയുന്ന, മൊബൈൽ ഇൻസിനറേറ്റർ കൂടുതലായി വാങ്ങി നഗരസഭകൾക്ക് നല്കുവാൻ തയ്യാറാകുമോ;

(ബി) സംസ്ഥാന ശുചിത്വമിഷൻ ഗുജറാത്തിൽ നിന്നും വാങ്ങിയ മൊബൈൽ ഇൻസിനറേറ്ററിന്റെ വില എത്രയാണ്; കപ്പാസിറ്റി എത്ര; പ്രവർത്തന ചെലവ് എത്ര; പ്രതിദിനം എത്ര ടൺ മാലിന്യം ചാരമാക്കി മാറ്റാൻ സാധിക്കും;

(സി) ലോകത്ത് ഏറ്റവും മെച്ചപ്പെട്ട സാങ്കേതിക വിദ്യയോട് കൂടിയതും നമ്മുടെ നഗരങ്ങൾക്കനുയോജ്യമായതുമായ മൊബൈൽ ഇൻസിനറേറ്റർ ഏതാണെന്ന് ശുചിത്വ മിഷൻ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മാലിന്യം പായ്ക്കറ്റുകളിലാക്കി സൂക്ഷിക്കാനുള്ള പദ്ധതി</u>

3324

ശ്രീ. പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവരെ മാലിന്യം പായ്ക്കറ്റുകളിലാക്കി സൂക്ഷിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കുള്ള തുക ഏത് വിധത്തിലാണ് സ്വരൂപിക്കുന്നത്; പദ്ധതിയ്ക്കായി നാളിതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാം?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വിസർജ്ജ്യവസ്തുക്കളുടെ സംസ്കരണത്തിനുള്ള ഏജൻസികൾ</u>

3325 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കക്കൂസ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സെപ്റ്റിക് ടാങ്കുകൾ ക്ലീൻ ചെയ്യുന്നതിനും എത്ര ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; എത്ര വാഹനങ്ങളാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്; ഇപ്രകാരമുള്ള മാലിന്യങ്ങൾ എവിടെ നിക്ഷേപിക്കണം എന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടോ ; വ്യവസ്ഥകൾ ലംഘിച്ച് പൊതു സ്ഥലങ്ങളിലും കുടിവെള്ള സംഭരണികളിലും കക്കൂസ് മാലിന്യം നിക്ഷേപിക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം പ്രവർത്തിച്ചവർക്കെതിരെ എന്തു നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നവീന മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>

3326 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നവീന മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്ലാന്റുകൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും, സർക്കാർ ഉടമസ്ഥതയിലാണോ സ്ഥാപിക്കുന്നത് എന്നതും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) അറവുശാലകളിലെ മാലിന്യനിർമ്മാർജ്ജനവും പ്രസ്തുത പ്ലാന്റുകൾ മുഖേന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അറവുശാലാ മാലിന്യ നിർമ്മാർജ്ജനത്തിന് ഇപ്പോഴുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വിളപ്പിൽ ശാലയിലെ സംസ്ക്കരണ പ്ലാന്റ്
അടച്ചിട്ട നടപടി</u>

3327 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ മാലിന്യങ്ങൾ വിളപ്പിൽശാലയിലേക്ക് കൊണ്ടുപോകേണ്ടതില്ലെന്നും അവിടുത്തെ സംസ്കരണ പ്ലാന്റ് അടച്ചിടണമെന്നും തീരുമാനിച്ചിട്ടുണ്ടോ;

(ബി) മാലിന്യപ്രശ്നത്തിൽ സമരത്തിലേർപ്പെട്ട വിളപ്പിൽശാല നിവാസികൾക്ക് നല്കിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നഗരമാലിന്യങ്ങൾ വിളപ്പിൽശാലയിലേക്ക് കൊണ്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ച സർക്കാർ ഇതിനായി സ്വീകരിച്ച ബദൽ സംവിധാനവും നടപടികളും വിശദമാക്കുമോ;

(ഡി) മാലിന്യ സംസ്കരണം ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത വിദഗ്ദ്ധരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; അവ നടപ്പിലാക്കുകയുണ്ടായോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>വിളപ്പിൽ ശാലയിൽ മലിനജലശുദ്ധീകരണ പ്ലാന്റ്</u>

3328 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിൽ മലിനജലം ശുദ്ധീകരിക്കാനുള്ള യന്ത്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടോ;

(ബി) കേരള ഹൈക്കോടതി ഇക്കാര്യത്തിൽ പോലീസ് സംരക്ഷണം നല്കേണ്ടത് സംബന്ധിച്ച് നടത്തിയ നിർദ്ദേശം എന്തായിരുന്നു;

(സി) പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് കോടതി നിർദ്ദേശിച്ചത് പ്രകാരമുള്ള പോലീസ് സംരക്ഷണം ലഭിച്ചിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>സ്വീവേജ് സംവിധാനം ആധുനീകരിക്കുന്ന പദ്ധതി</u>

3329

ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം ആധുനീകരിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന പരിഷ്ക്കരണങ്ങളെന്തെല്ലാമാണ്; ഈ പദ്ധതി ആരംഭിച്ചതെന്നാണ്;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാണോ; ഫണ്ട് ഏത് വിധത്തിലാണ് സ്വരൂപിച്ചത്;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പദ്ധതി പൂർത്തിയാക്കാൻ കാലതാമസം വരാനുള്ള കാരണമെന്താണ് ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

മാലിന്യനിർമ്മാർജ്ജനത്തിന് ബ്രഹ്മപുരത്ത്
പുതിയ പ്ലാന്റ്

3330

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിന് ബ്രഹ്മപുരത്ത് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്ലാന്റിൽ കൊച്ചി നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും സംസ്ക്കരിക്കുവാൻ സാധിക്കുമോ;

(ബി) പ്രസ്തുത പ്ലാന്റിൽ ഉപയോഗപ്പെടുത്തുന്ന സാങ്കേതിക വിദ്യയുടെ വിശദവിവരം നൽകാമോ;

(സി) ഇത്തരം പ്ലാന്റുകൾ മറ്റെവിടെയെങ്കിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഡി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

## അങ്കമാലിയിലെ ഖരമാലിന്യ സംസ്ക്കരണ പദ്ധതി

3331

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസര പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ട ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം വ്യക്തമാക്കാമോ;

(ബി) ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി നഗരസഭ സ്ഥലം വാങ്ങിയിരുന്നോ;

(സി) പ്രസ്തുത സ്ഥലം ഇപ്പോൾ എന്തിനായാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

## അങ്കമാലി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

3332

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി അങ്കമാലി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ചെലവഴിച്ച തുക എത്രയെന്നും, ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കായാണ് ചെലവഴിച്ചിട്ടുള്ളതെന്നും വികസന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരസഭാ ജീവനക്കാരെ സര്‍ക്കാര്‍ ജീവനക്കാരാക്കുന്നതിനുള്ള നടപടി</u>

3333 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

നഗരസഭാ ജീവനക്കാരെ സര്‍ക്കാര്‍ ജീവനക്കാരാക്കുന്ന കാര്യത്തില്‍ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിശദവിവരം നല്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ നടപടി</u>

3334 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭാ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന ചുമതല സർക്കാർ ഏറ്റെടുക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുമോ; ഈ വിഷയത്തിലുണ്ടായിരിക്കുന്ന തടസ്സങ്ങൾ വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൊതു സർവ്വീസ് എന്ന നയം അംഗീകരിച്ചിട്ടുണ്ടോ; വിശദീകരണം ലഭ്യമാക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി.സി./ബി.സി.ഒഴിവുകൾ എത്ര; ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>മുനിസിപ്പൽ കോമൺ സർവ്വീസിലെ</u>
<u>എൽ. ഡി. സി/ബി. സി. സ്ട്രെങ്ത്</u>

3335 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം ജില്ലയിൽ എൽ. ഡി. സി. /ബി. സി. സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്;

(ബി) ഇതിൽ ഇപ്പോൾ എത്ര എൽ. ഡി. സി/ബി. സി. മാർ ജോലി ചെയ്യുന്നു;

(സി) തിരുവനന്തപുരം ജില്ലയിൽ ബി. സി. മാരായി എത്ര താത്ക്കാലിക ജീവനക്കാർ ജോലി നോക്കുന്നു; ഇവർ ഏതു കാലയളവ് മുതലാണ് ജോലി നോക്കി വരുന്നത്; ഇതിൽ 5 വർഷത്തിൽ കൂടുതൽ കാലമായി ജോലി നോക്കുന്നവർ എത്ര;

(ഡി) തിരുവനന്തപുരം നഗരസഭയിൽ എൽ. ജി. എസ്. വേക്കൻസി ഇപ്പോൾ എത്രയെണ്ണം നിലവിലുണ്ട്; ഇവ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തോ എന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>നഗരസഭകളിലെയും കോർപ്പറേഷനിലെയും</u>
<u>പെൻഷൻ കുടിശ്ശിക</u>

3336 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെയും കോർപ്പറേഷനിലെയും പെൻഷൻ കുടിശ്ശിക എത്രയാണെന്നും അവ എന്നു നൽകാൻ സാധിക്കുമെന്നും വിശദമാക്കാമോ ;

(ബി) പെൻഷൻ കൃത്യമായി നൽകാൻ സാധിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ;

(സി) നഗരസഭയുടെ വരുമാന സ്രോതസ്സുകൾ കുറഞ്ഞു വരികയും, കരാർ നിരക്ക്, റവന്യൂ നിരക്ക്, പെൻഷൻ, ശമ്പളം തുടങ്ങി ചെലവിനങ്ങൾ വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ നഗരസഭകളെ സഹായിക്കാനുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

സി.എൽ.ആർ. ഡ്രൈവറെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

3337

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ 1997 മുതൽ സി.എൽ.ആർ. ഡ്രൈവർ ആയി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീകുമാരനെ സ്ഥിരം ഡ്രൈവറുടെ ഒഴിവിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുന്നതിനുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം പരിഗണിച്ചും, പി.എസ്.സി. വഴി ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞതിനാലും ഡ്രൈവർ തസ്തികയിൽ ശ്രീകുമാരന് സ്ഥിര നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനം</u>

3338

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഘടന പൂര്‍ണ്ണരൂപത്തില്‍ ക്രമീകരിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) ജില്ലകള്‍ തോറും ഓഫീസുകള്‍ നിലവില്‍ വന്നിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഏതെല്ലാം പദ്ധതികളില്‍ എത്ര മാത്രം ഗുണഭോക്താക്കള്‍ക്ക് ആനുകൂല്യങ്ങള്‍ വിതരണം ചെയ്യാന്‍ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം നല്‍കുമോ;

(ഡി) വകുപ്പിന് അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വിഹിതത്തില്‍ നിന്നും എത്ര ശതമാനം തുക 2012 നവംബര്‍ 30 വരെ വിനിയോഗിക്കുവാന്‍ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പ്</u>

3339 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിനും ജീവിതനിലവാരം ഉയർത്തുന്നതിനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണമായി ആരംഭിച്ചുകഴിഞ്ഞോ ;

(സി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടറിയറ്റിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം</u>

3340 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (ഐ.ഡി.എം.ഐ) 2010-11, 2011-12 വർഷങ്ങളിൽ എത്ര അപേക്ഷകളാണ് ലഭിച്ചത് ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചു ; അവ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ തങ്ങൾക്ക് അനുവദിച്ച ഫണ്ട് കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ സമുദായത്തിലെ നിരാലംബരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി</u>

3341 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ഭർത്താവ് ഉപേക്ഷിച്ചവർ, വിവാഹമോചിതർ, വിധവകൾ എന്നിവരെ സഹായിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതികളെന്തെങ്കിലും നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം നല്കാമോ ;

(സി) ഇവർക്കായി കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>മൈനോറിറ്റി യൂത്ത് കോച്ചിംഗ് സെന്ററുകൾ</u>

3342 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മൈനോറിറ്റി യൂത്ത് കോച്ചിംഗ് സെന്ററുകൾ ഉള്ളത്;

(ബി) പ്രസ്തുത സെന്ററുകളിലെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കുമോ;

(സി) വിവിധ സെന്ററുകളിൽ എന്തെല്ലാം വ്യവസ്ഥകളിലാണ് ശമ്പളം നൽകുന്നത് എന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ നല്ല നിലയിൽ പ്രവർത്തിക്കുകയും മുഴുവൻ സ്റ്റാഫും ഉള്ള പൊന്നാനിയിലെ സ്ഥാപനത്തിലേക്ക് വീണ്ടും ജീവനക്കാരെ നിയമിക്കുന്നതിന് ഇന്റർവ്യൂ നടന്നിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ നിലവിലുള്ള ജീവനക്കാരെ മാറ്റുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) സെന്റർ അടച്ചുപൂട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായാണോ ഇത്തരം നടപടികൾ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>എം.എസ്.ഡി.പി. പദ്ധതി</u>

3343 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എസ്.ഡി.പി. പദ്ധതി സംസ്ഥാന ന്യൂനപക്ഷകേന്ദ്രീകൃത മേഖലകളിൽ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(ഡി) പ്രസ്തുത പദ്ധതി ബ്ലോക്കടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ബ്ലോക്കുകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.12.2012-ലെ മറുപടിക്ക്

<u>എം.എസ്.ഡി.പി പദ്ധതി</u>

3344 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എസ്.ഡി.പി. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ഏതു ജില്ലയിലാണെന്നും എന്തു തുക ഇതുവരെ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) ഇതനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകളുണ്ടോ ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

## ഹജ്ജ്ഹൗസ് കേന്ദ്രമായി ന്യൂനപക്ഷ പരിശീലന സെന്റർ തുടങ്ങുവാൻ നടപടി

3345 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ന്യൂനപക്ഷങ്ങൾ ധാരാളം താമസിക്കുന്ന കൊണ്ടോട്ടി മണ്ഡലത്തിൽ സംസ്ഥാന ഹജ്ജ്ഹൗസ് കേന്ദ്രമായി ന്യൂനപക്ഷവിഭാഗങ്ങൾക്കുള്ള കോച്ചിംഗ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.12.2012-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി</u>

3346 ശ്രീ. രാജു എബ്രഹാം
,, ജെയിംസ് മാത്യു
ഡോ. കെ. ടി. ജലീൽ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പരിഗണിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) റിയൽ എസ്റ്റേറ്റുകാർക്കുവേണ്ടി എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട് ; അവ അംഗീകരിച്ചുകൊടുത്തിട്ടുണ്ട്; ഇതിനായി ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.12.2012-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷ സമുദായ വനിതകൾക്കായി</u>
<u>സ്വയം സഹായ സംഘങ്ങൾ</u>

3347 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായത്തിലെ വനിതകൾക്കായി സ്വയം സഹായ സംഘം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആർക്കൊക്കെയാണ് പ്രസ്തുത സംഘം വഴി ധനസഹായം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?